**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 194

04.06.2018 ൽ
മറുപടിയ്ക്ക്

## മലപ്പുറം വനിത പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മലപ്പുറം വനിത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദീകരിക്കാമോ; | (എ) യും (ബി) യും മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. |
| (ബി) ആവശ്യമായ ജീവനക്കാരും സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും ലഭ്യമായിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | |
| (സി) ജില്ലക്ക് അനുവദിച്ച പിങ്ക് പോലീസ് സംവിധാനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ പിങ്ക് പട്രോൾ വാഹനം ലഭ്യമായിട്ടുണ്ടോ; വനിത പോലീസ് സ്റ്റേഷനോട് ചേർന്നിട്ടാണോ പിങ്ക് പട്രോൾ സംവിധാനം ആരംഭിക്കുക; വ്യക്തമാക്കുമോ; | (സി) യും (ഡി) യും ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന വനിതാ പോലീസ് സ്റ്റേഷനോടൊപ്പം തന്നെ പിങ്ക് പട്രോളിംഗ് സംവിധാനവും ആരംഭിക്കുന്നതിനായി ഒരു വാഹനം അനുവദിക്കുകയും സേനാംഗങ്ങൾക്ക് ആവശ്യമായ ഡ്രൈവിംഗ് പരിശീലനവും നൽകിയിട്ടുണ്ട്. |
| (ഡി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വനിത പോലീസ് സ്റ്റേഷനും പിങ്ക് പോലീസും ഉടൻ യാഥാർത്ഥ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ